ആമുഖം

Central Board of Anglo-Indian Education ന്റെ ആഭിമുഖ്യത്തിൽ 1945 ലാണ് Cruz Milagris European Primary School സ്ഥാപിതമായത്. ഈ ഇംഗ്ലീഷ് മീഡിയം വിദ്യാലയത്തിൽ 107 വിദ്യാർത്ഥികൾ അഭ്യസിക്കുന്നു. ഇതോടൊപ്പം പ്രവർത്തിക്കുന്ന പ്രീ പ്രൈമറി വിദ്യാലയത്തിൽ 45 ൽ അധികം വിദ്യാർത്ഥികൾ പഠിക്കുന്നു. 4 അധ്യാപികമാർ പ്രീ പ്രൈമറി ക്ലസുകളിലും 2 അധ്യാപകേതര ജീവനക്കാരും വിദ്യാലയത്തിൽ സേവന മനുഷ്ഠിക്കുന്നു.

പഠനത്തോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളിലും മുൻപന്തിയിൽ നിൽക്കുന്ന ഈ വിദ്യാലയം ജില്ലാതല കലാകായിക പ്രവർത്തിപരിചയ മേളകളിലും ഉന്നത വിജയം നേടിയിട്ടുണ്ട്.

# പൊതുലക്ഷ്യങ്ങൾ

• എല്ലാ കുട്ടികളും അവർ പഠിക്കുന്ന ക്ലാസനുസരിച്ചും നിലവാരമനുസരിച്ചും ഭാഷയിലെ ഉയർന്ന ശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തും.

• 5 വർഷത്തിനുള്ളിൽ സ്കൂൾ വിട്ട് പുറത്തുവരുന്ന മുഴുവൻ കുട്ടികളും മലയാളം ഇംഗീഷ്, ഹിന്ദി, തുടങ്ങി മൂന്ന് ഭാഷകളെങ്കിലും അനായാസം ആശയവിനിമയംനടത്തുന്നതിന് പ്രാപ്തരാകും.

• സ്കുൾ പഠനം പൂർത്തിയാകുമ്പോഴേക്കും മുഴുവൻ കുട്ടികളും ആശയ വിനിമയത്തിനുതകും വിധം ഭാഷയിലെ വിവിധ സങ്കേതങ്ങൾ ഉപയോഗിക്കുന്നതിന് പ്രാപ്തരാകും.

• 5 വർഷത്തിനുള്ളിൽ ഓരോ കുട്ടിയുടെയും അഭിരുചി ക്കനുസരിച്ച് സർഗാത്മക പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനും വിവിധ രീതിയിൽ ആവിഷ്കരിക്കുന്നതിനുമുള്ള കഴിവ് വികസിപ്പിക്കും.

• 5 വർഷത്തിനുള്ളിൽ ഓരോ കുട്ടിയും തന്റെ ആവശ്യങ്ങൾ താൽപര്യങ്ങൾ അഭിലാഷങ്ങൾ എന്നിവ പറഞ്ഞും എഴുതിയും

പ്രകടിപ്പിക്കുന്നതിന് പ്രാപ്തരാകും.

## • അക്കാദമിക് പ്രവർത്തനങ്ങൾ

### a. ഗവേഷണാത്മക ഭാഷാപരിശീലനം

( മധുരമലയാളം, മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, മധുർ ഹിന്ദി)

മലയാളം, ഹിന്ദി, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകൾ എല്ലാവിദ്യാർത്ഥികൾക്കും അനായാസം കൈകാര്യം ചെയ്യുന്നതിന് എഴുതുവാനും വായിക്കുവാനുമുള്ള പ്രാവീണ്യം നേടുന്നതിന് പ്രത്യേക പരിശീലനം നല്കും ഇതിനായി നിലവിലുള്ള മധുരമലയാളം, മലയാളത്തിളക്കം ഹലോ ഇംഗ്ലീഷ്, മധുർ ഹിന്ദി തുടങ്ങിയ പരിശീലന പരിപാടികൾ തിരഞ്ഞെടുക്കും.

### b. Easy Math

ഗണിതപഠനം രസകരമാക്കുന്നതിനായി ഗണിതശിൽപ ശാല സംഘടിപ്പിക്കുന്നു. പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന നൽകുന്നു.

## • ശാസ്ത്രം കൗതുകം

ശാസ്ത്രപഠനം കൂടുതൽ താൽപര്യമുള്ളതാക്കുന്ന തരത്തിൽ ശിൽപശാലകൾ നിരീക്ഷണശാല, ക്വിസ് ബാങ്ക്, പ്രദർശനങ്ങൾ ശേഖണങ്ങൾ, പഠനയാത്രകൾ എന്നിവ നടത്തുന്നു.

## • ലൈബ്രറി സംവിധാനം ആകർഷകമാക്കും.

സ്കൂൾലൈബ്രറി, ക്ലാസ്സ് ലൈബ്രറി, ബാഗ് ലൈബ്രറി, ഹോം ലൈബ്രറി തുടങ്ങിയവ ശാക്തീകരിക്കുന്നു.

### e. വായനാകൂട്ടം രൂപീകരണം

കുട്ടികളിൽ വായനാശീലം വളർത്തുന്നതിനായി library hours നൽകുകയും വായനാകുറിപ്പുകൾ തയ്യാറാക്കി സ്കുൾ അസംബ്ലിയിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുകയും ചെയ്യുന്നു. ഇതിനായി വായനയിൽ മുന്നോക്കം നിൽക്കുന്ന

വിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ നേതൃത്വത്തിൽ വായനാകൂട്ടങ്ങൾ രൂപീകരിച്ച് ലൈബ്രറി സജ്ജീവമാക്കുന്നു.

f. I T Education കാര്യക്ഷമമാക്കുന്നു.

സ്കൂൾ കംമ്പ്യൂട്ടർ ലാബ് സ്മാർട്ട് ക്ലാസ്റും തുടങ്ങിയവ ഉപയോഗിച്ച് പാഠ്യവിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. വിദ്യാലയത്തിൽ നിന്നും പഠനം പൂർത്തിയാക്കുന്ന ഓരോ വിദ്യാർത്ഥിയും I T ഉപകരണങ്ങൾ അനായാസം കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു. വിവിധ ദിനാചരണങ്ങളുടെ പ്രാധാന്യം I T യിലൂടെ വിദ്യാർത്ഥികളിൽ എത്തിക്കുന്നു.

• ഭൗതികം.

a. പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾക്ക് സഹായമാകുന്ന രീതിയിൽ I T സൗകര്യങ്ങളോടുകൂടിയ ഒരു സ്കൂൾ ഓഡിറ്റോറിയം നിർമ്മാണം

- Work shop for parents
- Yoga classes
- Exhibitions
- Motivation Classes
- School Annual Day Celebrations

തുടങ്ങിയവ സംഘടിപ്പിക്കുന്നതിന് വിശാലമായ ഒരു സ്കൂൾ ഹാൾ നിർമ്മിക്കുന്നു.

b. വിദ്യാലയത്തിന് ആകർഷകവും സുരക്ഷിതവുമായ ചുറ്റുമതിൽ നിർമ്മിക്കുന്നു

• വിദ്യാലയചുമരുകൾ ആകർഷകമായതും വിജ്ഞാനപ്രദവുമായ ചിത്രങ്ങളാൽ അലങ്കരിക്കുന്നു.

• ജൈവ ഉദ്യാന പാർക്ക്

ചിത്രശലഭങ്ങൾ പറക്കുന്ന വിവിധ നിറത്തിലും വലുപ്പത്തിലു മുള്ള പൂക്കൾ നിറഞ്ഞ പൂന്തോട്ടം വിദ്യാലയമുറ്റത്തൊരുക്കുന്നു. തോട്ടത്തിനു നടുക്കായി ഒരു

അക്വേറിയം ദിനംതോറും ക്ലാസ് അടിസ്ഥാനത്തിൽ ചെടികൾ നനയ്ക്കുകയും ആവശ്യമായ വളങ്ങൾ ഇട്ട് അവയെ പരിപോഷിപ്പിക്കുകയും ചെയ്യുന്നതിലൂടെ വിദ്യാർത്ഥികളിൽ പ്രകൃതി സ്നേഹം വളർത്തുവാൻ സാധിക്കുന്നു.

## ജൈവ പച്ചക്കറിത്തോട്ടം

വിവിധ പച്ചക്കറികളുടെ കൃഷി പരിപോഷിപ്പിക്കുന്നു. ഇതിലൂടെ വിഷരഹിത പച്ചക്കറികൾ ലഭ്യമാക്കുകയും അവ ഉച്ചഭക്ഷണ പരിപാടിയിലേയ്ക്ക് എടുക്കുവാൻ സാധിക്കുന്നു. പച്ചക്കറികൾക്കും മറ്റും അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന നമ്മുടെ നാടിന്റെ ദയനീയ അവസ്ഥ മനസിലാക്കുവാനും സ്വന്തമായി പച്ചക്കറികൾ നടുന്നതിന്റെ ബാലപാഠങ്ങൾ വിദ്യാർത്ഥികളിൽ എത്തിക്കുവാനും ഇതിലൂടെ സാധിക്കുന്നു.

## ഔഷധതോട്ടം

നാട്ടുമരുന്നുകൾ പച്ചമരുന്നുകൾ എന്നിവ പരിചയപ്പെടുവാനും അവ നിത്യ ജീവിതത്തിൽ ഉപയോഗപ്പെടുത്തുവാനും വിദ്യാർത്ഥികളെ പ്രോത്സഹി പ്പിക്കുന്നു. വിവിധയിടങ്ങളിൽ നിന്നും വിവിധ ഔഷധ ചെടികൾ ശേഖരിച്ച് ഒരു ഔഷധതോട്ടം നിർമ്മിക്കുന്നു. ഓരോ ചെടിയുടെയും ഔഷധ ഗുണങ്ങളെക്കുറിച്ചുമുള്ള അറിവ് വിദ്യാർത്ഥികളിൽ എത്തിക്കുന്നു.

## ധന വിനിയോഗം

മുകളിൽ പ്രതിപാതിച്ച എല്ലാ പ്രവർത്തനങ്ങൾക്കും ആവശ്യമായ ധനസമാഹരണത്തിനായി ഓൾഡ് സ്റ്റുഡന്റ് അസോസിയേഷൻ പോലുള്ള കൂട്ടായ്മകളെ ആശ്രയിക്കുന്നു.